DESPATCHED
On...15/06/2020

05/03/2020.


**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in


ഹർജി നമ്പർ **AP. 2313*(2)/2015*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം. *16533/എസ്.ഐ.സി-ജി 6/15*

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ.ടി.പി.വേണുഗോപാൽ,<br>ഗായത്രി ഹൗസ്, പുത്തൻഗ്രാമം,<br>കൂനിശ്ശേരി പി.ഒ., പാലക്കാട്,<br>പിൻ – 678 681. | അപ്പീൽ ഹർജിക്കാരൻ |

Vs

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ III&<br>സീനിയർ സൂപ്രണ്ട്,<br>പഞ്ചായത്ത് ഡയറക്റാഫീസ്,<br>പബ്ലിക് ഓഫീസ് പി.ഒ., പിൻ – 695 033.<br><br>2. അപ്പീൽ അധികാരി&<br>പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ,<br>മ്യൂസിയം, തിരുവനന്തപുരം. | എതിർകക്ഷികൾ |

## ഉത്തരവ്

2015ൽ സംസ്ഥാന വിവരാവകാശ കമ്മീഷനിൽ സമർപ്പിച്ച അപ്പീൽ ഹർജിയാണിത്. ടി അപ്പീൽ ഹർജിയിന്മേൽ എസ്.പി.ഐ.ഒ. കമ്മീഷനിൽ സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്, ഹർജിക്കാരൻ 23.07.2015ൽ സമർപ്പിച്ച അപേക്ഷയ്ക്ക് 07.08.2015ന് മറുപടി നൽകിയിരുന്നുവെന്നും ടി മറുപടിയിന്മേൽ ടിയാൻ മോശം പദപ്രയോഗങ്ങൾ ഉൾപ്പെടുത്തിയ ഒരു അപ്പീൽ നൽകുകയും ആയതിന്മേൽ ടിയാനെ നേരിൽ കേൾക്കുന്നതിന് ടി ഓഫീസിൽ നിന്നും അറിയിപ്പു നൽകിയെങ്കിലും ഹർജിക്കാരൻ ഹാജരായില്ലെന്നുമാണ്. ആകയാൽ ഒന്നാം എതിർക്ഷി ടിയാന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിരുന്നതിനാൽ ടിയാന്റെ

അപ്പീൽ നിരസിച്ചുവെന്നും കമ്മീഷനിൽ സമർപ്പിച്ച രണ്ടാം അപ്പീലിൽ പരാമർശിച്ച ടി ഓഫീസിലെ ഡി10-31266/14 നമ്പർ ഫയലിൽ ജാതിപ്പേര് വിളിച്ചതു സംബന്ധിച്ച കേസിലെ കത്തിന്റെ പകർപ്പ് ലഭ്യമല്ലെന്നും ഹർജിക്കാരൻ 07.11.2015ൽ ചേർപ്പ് പഞ്ചായത്തിൽ വച്ച് കൈക്കൂലി വാങ്ങിയതിന് വിജിലൻസ് അറസ്റ്റ് ചെയ്ത് റിമാന്റിലാവുകയും തുടർന്ന് ടിയാനെ ടി ഓഫീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ടെന്നുമാണ്.

2. എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ടിന്മേൽ ഹർജിക്കാരന്റെ അഭിപ്രായം തേടുന്നതിനായി കമ്മീഷൻ 16.11.2019ൽ കമ്മീഷൻ ആസ്ഥാനത്തു വച്ചു നടത്തിയ ഹിയറിംഗിൽ ഹാജരാകുവാൻ ഹർജിക്കാരനു നോട്ടീസ് നൽകിയിരുന്നെങ്കിലും ടിയാൻ ഹാജരായില്ല. എതിർകക്ഷി ഹർജിക്കാരന് മറുപടി നൽകിയതായി അറിയിക്കുകയും ചെയ്തു.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന് സമയബന്ധിതമായി വിവരങ്ങൾ നൽകിയിട്ടുണ്ടെന്നു കമ്മീഷനു ബോധ്യമാകുന്നു. ഒന്നാം എതിർകക്ഷിയുടെ മൊഴിയുടെയും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 മാർച്ച് 05-ാം തീയതി കമ്മീഷൻ ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഭരണകാര്യം)

Ge/

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM